(ബി) ഇവ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളല്ല.

(സി) 20 ഒഴിവുകളിൽ 11 എണ്ണം കംപാഷണേറ്റ് ഗ്രൗണ്ടിലുള്ള സ്ഥലം മാറ്റത്തിനും, 3 എണ്ണം വികലാംഗർക്കുവേണ്ടിയുള്ള നിയമനത്തിനും, 6 ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റത്തിനും വേണ്ടി നീക്കിവച്ചിരിക്കുന്നു. അതിനാൽ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിലവിൽ ഒഴിവില്ല.

## എഴുകോൺ സർക്കാർ പോളിടെക്നിക്കിലെ നിയമനം

84 [1488] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുകോണിൽ പുതുതായി ആരംഭിച്ച സർക്കാർ പോളിടെക്നിക്കിൽ അനുവദിച്ച തസ്തികകൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികകളിൽ എത്രയെണ്ണം ഇതിനകം സ്ഥലംമാറ്റം/നിയമനംവഴി നികത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നകാര്യം അടിയന്തിരമായി പരിശോധിക്കുമോ; ഇതുസംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

## ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഈ തസ്തികകളിൽ 19 കാറ്റഗറികൾ സ്ഥലംമാറ്റം/നിയമനംവഴി നികത്തിയിട്ടുണ്ട്.

(സി) പരിഗണിച്ചുവരുന്നു. 2-ാമത്തെ തസ്തികയിലെ ഹെഡ് ഓഫ് സെക്ഷൻ ഇൻ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗിലെ ഒരൊഴിവും 7-ാമത്തെ തസ്തികയിലെ മെക്കാനിക്കൽ എൻജിനിയറിംഗിലെ ഒരൊഴിവും ട്രേഡ്സ്മാൻ മെക്കാനിക്കിലെ (13-ാം തസ്തിക) രണ്ടൊഴിവും ട്രേഡ്സ്മാൻ സി. എ. എച്ച്. എം-ൽ (15-ാം തസ്തിക) ഒരൊഴിവും ഗാർഡനറിന്റെ (23-ാം തസ്തിക) ഒരൊഴിവും നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാനിറ്ററി വർക്കർ, പാർടൈം സ്വീപ്പർ എന്നീ തസ്തികകളിലെ ഒരോ ഒഴിവും (24, 25) അതതു സ്ഥാപന മേധാവികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഒഴിവുകൾ നികത്താവുന്നതാണ്. എല്ലാ തസ്തികകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly